(ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞു. എസ്റ്റിമേറ്റുകൾ പരിശോധിച്ചുകൊണ്ടിരിക്കുന്നു.

ആലപ്പുഴ ശുദ്ധജല വിതരണ പദ്ധതി

913 [1089] ശ്രീ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ശുദ്ധജലവിതരണ പദ്ധതി എന്നാണ് പ്രവർത്തനം ആരംഭിച്ചത്;

(ബി) ആലപ്പുഴ പട്ടണത്തിലെ ജനങ്ങൾക്ക് കുടിവെള്ളം കിട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ആലപ്പുഴയിൽ ആദ്യമായി സേതുപാർവ്വതീഭായി വാട്ടർ വർക്സ് എന്ന പേരിൽ ശുദ്ധജലവിതരണം 1939-ൽ ആരംഭിച്ചു. ആലപ്പുഴ വാട്ടർ സപ്ലൈ സ്കീം (Augmentation) 1976-ൽ പ്രവർത്തനം ആരംഭിച്ചു.

(ബി) ഉണ്ട്. എങ്കിലും ആലപ്പുഴ വാട്ടർ സപ്ലൈ സ്കീമിലുള്ള മൊത്തം 20 കുഴൽ കിണറിൽ കഷ്ടിച്ച് 10 എണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളു. തൻമൂലം ആവശ്യമുള്ള ജലത്തിന്റെ പകുതിയിൽ കുറച്ച് മാത്രമേ കൊടുക്കുവാൻ കഴിയുന്നുള്ളു. പണത്തിന്റെ ലഭ്യതയനുസരിച്ച് 10 കുഴൽ കിണറുകൂടി കൂടി ഉണ്ടാക്കുന്നതാണ്.

വൈക്കം വാട്ടർ സപ്ലൈ സ്കീം

914 [1091] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കത്തെ എട്ട് പഞ്ചായത്തുകൾക്കും ഒരു മുനിസിപ്പാലിറ്റിക്കും വേണ്ടി ആരംഭിച്ച വൈക്കം വാട്ടർ സപ്ലൈ സ്കീം അനുസരിച്ച് ഈ പഞ്ചായത്തുകൾക്കും മുനിസിപ്പൽ പ്രദേശങ്ങൾക്കും ശുദ്ധജലം ലഭിച്ചിട്ടില്ലായെന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു?

ഉത്തരം

(എ) വൈക്കം മുനിസിപ്പാലിറ്റിയിലും എട്ടു പഞ്ചായത്തുകളിലും ശുദ്ധജലവിതരണം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ തലയാഴം, വെച്ചൂർ എന്നീ പഞ്ചായത്തുകളിൽ ഭാഗികമായി മാത്രമേ ശുദ്ധജല വിതരണം നടത്തിയിട്ടുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തലയാഴം, വെച്ചൂർ എന്നീ രണ്ടു പഞ്ചായത്തുകളിലായി ശുദ്ധജലം വിതരണം ചെയ്യുന്നതിലേയ്ക്കായി ജലവിതരണ പദ്ധതിയിൽനിന്നുമുള്ള ജലം ഒരു ഗ്രൗണ്ട് ലെവൽ ടാങ്കിൽ ശേഖരിച്ച് സമീപ സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള ഓവർ ഹെഡ് ടാങ്കുകളിലേയ്ക്ക് പമ്പ് ചെയ്തത്. അവിടെനിന്നു, ഈ രണ്ടു പഞ്ചായത്തുകളിലേയ്ക്കും വിതരണം ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ താൽക്കാലികമായി ഈ പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഗണിച്ച് ഡിസ്ട്രിബ്യൂഷൻ മെയിൻ പൈപ്പിൽ നിന്നും നേരിട്ട് ജലവിതരണം നടത്തിവരുന്നു. ഓവർഹെഡ് ടാങ്കിന്റേയും, അതിനോട് ബന്ധപ്പെട്ട യൂണിറ്റുകളുടേയും, പണി തീരാത്തതുമൂലവും ഇപ്പോഴും തന്നെ ജല മർദ്ദം കുറവായതിനാലും ഈ പഞ്ചായത്തുകളുടെ ചില പ്രദേശങ്ങളിൽ ജലം ലഭിക്കുന്നില്ല. ആയതിനാൽ ഇവിടെ സ്ഥാപിച്ചിട്ടുള്ള ഉദ്ദേശം പത്തു കി.മീറ്റർ പൈപ്പുലൈൻ ചാർജ് ചെയ്തിട്ടില്ല. ഓവർ ഹെഡ് ടാങ്കിന്റേയും ഗ്രൗണ്ട് ലവൽ ടാങ്കിന്റേയും, പണി പൂർത്തിയായി കഴിഞ്ഞു. പമ്പുകൾ സ്ഥാപിക്കുന്ന ജോലി നടന്നു വരുന്നു. വൈദ്യുതി കണക്ഷൻ രണ്ടു മാസത്തിനുള്ളിൽ ലഭിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. കണക്ഷൻ ലഭിച്ചുകഴിഞ്ഞാൽ ഈ രണ്ടു പഞ്ചായത്തുകളുടേയും എല്ലാ ഭാഗങ്ങളിലേയ്ക്കും ജലം എത്തിക്കാൻ കഴിയും.

പൂർത്തീകരിക്കാത്ത ജലസേചന പദ്ധതികൾ

915 [1093] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പൂർത്തീകരിക്കാത്ത എത്ര ജലസേചന പദ്ധതികൾ ഉണ്ട്;

(ബി) ഇവ ഓരോന്നും എന്നാണ് ആരംഭിച്ചത്;

(സി) ഏതു വർഷങ്ങളിൽ കമ്മീഷൻ ചെയ്യുമെന്നുള്ള തീരുമാനത്തിലാണ് ഓരോന്നിന്റേയും പണികൾ ആരംഭിച്ചത്;

(ഡി) സമയത്ത് പൂർത്തീകരിക്കാത്തതിനാൽ ഓരോ പദ്ധതികളും തുടങ്ങുമ്പോൾ ഉദ്ദേശിച്ചതിനേക്കാൾ എത്ര സംഖ്യ കൂടുതൽ ചെലവ് വന്നിട്ടുണ്ട്;

(ഇ) ഈ പദ്ധതികൾ പൂർത്തീകരിക്കാൻ എത്ര സംഖ്യ വേണ്ടിവരും;

(എഫ്) ഇക്കാര്യത്തിനു കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ജി) സംസ്ഥാനത്ത് പുതിയതായി ഏതെല്ലാം പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

(എച്ച്) ഇതിൽ കേന്ദ്രാനുവാദം കിട്ടിയ പദ്ധതികൾ ഏതെല്ലാം;

(ഐ) ഈ പദ്ധതികളെല്ലാം പൂർത്തീകരിച്ചാൽ എത്ര ഹെക്ടർ സ്ഥലം പുതിയതായി നനയ്ക്കാൻ സാധിക്കും;

(ജെ) അതുമൂലം ഉൽപ്പാദനം ഓരോ ഇനത്തിലും എത്ര വർദ്ധിപ്പിക്കാൻ സാധിക്കും;

LIBRARY ARCHIVES Kerala Legislative Assembly